## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1677 — 14.08.2017 -ലെ മറുപടിക്ക്

### ഹരിതകേരള മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>" സി.കെ.ഹരീന്ദ്രൻ<br>" ജോൺ ഫെർണാണ്ടസ്<br>" കെ. ദാസൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹരിതകേരള മിഷൻ ശുചിത്വ-മാലിന്യനിർമ്മാർജ്ജന നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. 15.07.2017 ലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ 2420/2017/തസ്വഭവ നമ്പരായി ഹരിതകേരളം മിഷൻ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ മാലിന്യ സംസ്കരണ നിയമ പ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| (ബി) പൊതുസ്ഥലങ്ങൾ മാലിന്യമുക്ത മാക്കുന്നത് സംബന്ധിച്ച പൊതു സമീപനം വ്യക്തമാക്കുമോ; | (ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാകണം. ഇതിനായി എളുപ്പം ചീഞ്ഞളിയാൻ ഇടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും പുന:ചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുസമീപനം. |
| (സി) ശുചിത്വ-മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഇതിനുള്ള സാങ്കേതികസഹായം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ശുചിത്വ മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാങ്കേതികസഹായങ്ങൾ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. ഇതിനായി അക്രഡിറ്റഡ് ഏജൻസികളെയും സേവനദാതാക്കളെയും ശുചിത്വമിഷൻ നിയോഗിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും |

ഹരിത സ്ഥാപനങ്ങളെ നിയോഗിച്ചും ഹരിതകർമ്മസേനകളുടെ സേവനം പ്രയോജനപ്പെടുത്തിയും മാലിന്യസംസ്‌കരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) മാലിന്യസംസ്‌കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കാനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ